ഹയർ സെക്കൻഡറി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം – 1

**No.EX-II/1/21700/HSE/ 2017** **തീയതി : 28/12/2017**

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസം – ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2018 – ഫീസൊടുക്കുന്നതിനുള്ള തീയതി നീട്ടിവച്ചത് – സംബന്ധിച്ച്.

സൂചന - പരീക്ഷാവിജ്ഞാപനം നമ്പർ EX-II/1/21700/HSE/2017 Dated : 07/12/2017.

2018 മാർച്ച് മാസം നടക്കാനിരിക്കുന്ന ഹയർ സെക്കന്ററി പരീക്ഷയ്ക്ക് ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടിയിരിക്കുന്നു. പുതുക്കിയ തീയതികൾ ചുവടെ ചേർക്കുന്നു.

| Sl. No. | Last Date | Second Year | First Year |
|---|---|---|---|
| 1 | For receiving application without fine | 04/01/2018 | 11/01/2018 |
| 2 | For receiving application with a fine of Rs. **20/-** | 11/01/2018 | 18/01/2018 |
| 3 | For receiving application with an additional fine of Rs. **5/-** per day (Fine Rs. 20 + additional fine Rs. 5/day) | 18/01/2018 | 25/01/2018 |
| 4 | For receiving application with a Super fine of Rs. **600/-** (Fee +Rs. 600/-) | 25/01/2018 | 01/02/2018 |

കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് മാത്രം 2017 മുതൽ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ ആണ് നൽകിയത്. ഇത്തരത്തിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ, അവർ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് എഴുതിയ വിഷയത്തിന് മാർച്ച് 2018-ലെ രണ്ടാം വർഷ പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ, **2017 ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾ 2018 മാർച്ചിലെ പരീക്ഷയ്ക്ക് വീണ്ടും ഫീസ് ഒടുക്കി അപേക്ഷ നൽകേണ്ടതില്ല.**

2017-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ എഴുതാത്ത കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് മാർച്ച് 2018-ലെ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതയില്ല. അതേസമയം കമ്പാർട്ട്മെന്റൽ അല്ലാത്ത (ഒറ്റത്തവണ രജിസ്ട്രേഷന്റെ പരിധി യിൽപ്പെടാത്ത) രണ്ടാംവർഷ പരീക്ഷ എഴുതേണ്ടതായ എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയ തിക്കുള്ളിൽ രണ്ടാംവർഷ പരീക്ഷയ്ക്കുള്ള മതിയായ ഫീസ് ഒടുക്കി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം**